**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2249** **27-10-2026-ൽ മറുപടിയ്ക്ക്**

**പോളിംഗ് ബൂത്തുകളിലെ സർവൈലൻസ് ക്യാമറകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കാരായി രാജൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ പോളിങ് ബൂത്തുകളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികളിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതിയിൽ സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** പരാതി ലഭിച്ചിട്ടില്ല. എന്നാൽ 2026-ലെ കേരള നിയമസഭാ പൊതു തിരഞ്ഞെടുപ്പിനായി ലൈവ് വെബ് സ്ട്രീമിംഗ്, സിസിടിവി നിരീക്ഷണം, റെക്കോർഡിംഗ്, ജിപിഎസ് വാഹന ട്രാക്കിംഗ് തുടങ്ങിയ സേവനങ്ങൾക്കുള്ള ഏജൻസിയെ തിരഞ്ഞെടുക്കുന്നതിനായി ചീഫ് ഇലക്ടറൽ ഓഫീസർ പുറപ്പെടുവിച്ച REQUEST FOR PROPOSAL (RFP) ലെ യോഗ്യതാ വ്യവസ്ഥകൾ മത്സരം പരിമിതപ്പെടുത്തുന്നതാണെന്നും അവ പുനഃപരിശോധിക്കണമെന്നും ആവശ്യപ്പെട്ട് Rail Tel Corporation of India Ltd, Broadcast Engineering Consultants India Ltd. (BECIL), Manraha Solutions Pvt. Ltd., ITI Limited,എന്നീ നാല് സ്ഥാപനങ്ങൾ അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര & വിജിലൻസ് വകുപ്പിന് നിവേദനങ്ങൾ സമർപ്പിച്ചിരുന്നു. ഈ നിവേദനങ്ങൾ പരിശോധിച്ച് RFP യിലെ യോഗ്യതാ മാനദണ്ഡങ്ങൾ പരിഷ്കരിക്കാൻ ചീഫ് ഇലക്ടറൽ ഓഫീസർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ യോഗ്യതാ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുകയുണ്ടായി.

**(ബി)** അന്വേഷണ റിപ്പോർട്ട് പ്രകാരം 2024-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ക്യാമറകൾ സ്ഥാപിക്കുന്നതിന് എത്ര രൂപ ചെലവായിട്ടുണ്ട്; വിശദമാക്കാമോ;

**മറുപടി:** ബാധകമല്ല.

**(സി)** പ്രസ്തുത റിപ്പോർട്ട് പ്രകാരം 2026-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ പോളിങ് ബൂത്തുകളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുന്നതിന് എത്ര രൂപ ചെലവായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

**മറുപടി:** ബാധകമല്ല.

**(ഡി)** ഇതുസംബന്ധിച്ച ചെലവുകളിലെ അന്തരം സർക്കാർ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

**മറുപടി:** ബാധകമല്ല.

സെക്ഷൻ ഓഫീസർ